"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - എറണാകുളം ജില്ലയിലെ മുനമ്പം പ്രദേശത്തെ നിവാസികളും കേരള സംസ്ഥാന വഖഫ് ബോർഡും തമ്മിൽ നിലനില്ക്കുന്ന ഭൂമിയുമായി ബന്ധപ്പെട്ട ഉടമസ്ഥാവകാശ തർക്കത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനായി നിയോഗിച്ച അന്വേഷണ കമ്മീഷൻ സമർപ്പിച്ചിട്ടുള്ള അന്വേഷണ റിപ്പോർട്ടിലെ ഒത്തുതീർപ്പ് നിർദ്ദേശങ്ങൾ ആഴത്തിൽ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതിനുള്ള നിർദേശങ്ങൾ (modus operandi) സമർപ്പിക്കുന്നതിനായി ഉന്നതതല സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.72/2026/RD  തീയതി,തിരുവനന്തപുരം, 15-02-2026

---

പരാമർശം:-
1. 28.11.2024 തീയതിയിലെ 3796 നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നം. 1098/2024 ആയി പ്രസിദ്ധീകരിച്ചിട്ടുള്ള 27.11.2024 തീയതിയിലെ ആഭ്യന്തര-എസ്എസ്എ2/249/2024-ആഭ്യന്തരം നമ്പർ വിജ്ഞാപനം.
2. 30.10.2025 തീയതിയിലെ സ.ഉ(കൈ) നം.203/2025/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ മുനമ്പം പ്രദേശത്ത് താമസിക്കുന്ന പ്രദേശവാസികളും കേരള സംസ്ഥാന വഖഫ് ബോർഡും തമ്മിൽ നിലനിൽക്കുന്ന ഭൂമിയുമായി ബന്ധപ്പെട്ട ഉടമസ്ഥാവകാശ തർക്കത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനായി ബഹു.ഹൈക്കോടതി ആക്റ്റിംഗ് ചീഫ് ജസ്റ്റിസായിരുന്ന ശ്രീ.സി.എൻ രാമചന്ദ്രൻ നായരുടെ നേതൃത്വത്തിൽ പരാമർശം 1 പ്രകാരം നിയോഗിച്ച അന്വേഷണ കമ്മീഷൻ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള അന്വേഷണ റിപ്പോർട്ട് പരാമർശം 2-പ്രകാരം അംഗീകരിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

2] മേൽ സാഹചര്യത്തിൽ, പ്രസ്തുത അന്വേഷണ റിപ്പോർട്ടിലെ ഒത്തുതീർപ്പ് നിർദ്ദേശങ്ങൾ ആഴത്തിൽ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതിനുള്ള നിർദേശങ്ങൾ (modus operandi) സമർപ്പിക്കുന്നതിനായി ചുവടെപ്പറയും അംഗങ്ങളെ ഉൾക്കൊള്ളിച്ച് ഒരു ഉന്നതതല സമിതി രൂപീകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ് : അംഗം
2. അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ് : അംഗം
3. അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ (വഖഫ്) വകുപ്പ് : കൺവീനർ
4. സെക്രട്ടറി, റവന്യൂ വകുപ്പ് : അംഗം
5. സെക്രട്ടറി, നിയമ വകുപ്പ് : അംഗം

3] പ്രസ്തുത ഉന്നതതല സമിതി ചുവടെപ്പറയുന്ന വ്യവസ്ഥകൾ കൃത്യമായി പാലിച്ച് ഒരു മാസത്തിനകം ഇതു സംബന്ധിച്ച ശിപാർശകൾ സർക്കാരിൽ സമർപ്പിയ്ക്കേണ്ടതാണ്.

i. ശ്രീ.സി.എൻ രാമചന്ദ്രൻ നായരുടെ നേതൃത്വത്തിൽ നിയോഗിച്ച അന്വേഷണ കമ്മീഷന്റെ ഒത്തുതീർപ്പ് നിർദ്ദേശങ്ങൾ പരിശോധിക്കുകയും സർക്കാരിന്റെ നയപരമായ പരിഗണനയ്ക്കായി ഒരു പ്രായോഗിക പ്രവർത്തനരീതി (modus operandi) നിർദ്ദേശിക്കുകയും ചെയ്യുക എന്നതിലായിരിക്കും പ്രസ്തുത സമിതിയുടെ പ്രധാന പ്രവർത്തനം.

ii. 2019-ൽ ഭൂമി വഖഫ് ആയി രജിസ്റ്റർ ചെയ്തതിലെ നിയമസാധുതയും (Procedural correctness) സമിതിയുടെ പഠനവിഷയമാക്കാം.

iii. സിവിൽ കോടതികളുടെയോ ഹൈക്കോടതിയുടെയോ പരിധിയിൽ വരാത്ത സാങ്കേതികമായ തർക്കങ്ങൾ വഖഫ് ട്രൈബ്യൂണലിൽ പരിഹരിക്കാനുള്ള സാധ്യതകൾ നിയമവകുപ്പിന്റെ സഹായത്തോടെ സമിതി പരിശോധിക്കും.

iv. പ്രസ്തുത തർക്കഭൂമി വഖഫ് സ്വത്താണോ അല്ലയോ എന്ന കാര്യത്തിൽ സമിതി യാതൊരു കണ്ടെത്തലും തീർപ്പാക്കലും രേഖപ്പെടുവാൻ പാടുള്ളതല്ല.

v. തർക്ക ഭൂമിയുടെ ഉടമസ്ഥാവകാശം/കൈവശാവകാശം അല്ലെങ്കിൽ സ്വഭാവം എന്നിവയെക്കുറിച്ചുള്ള ജുഡീഷ്യൽ അല്ലെങ്കിൽ അർദ്ധ-ജുഡീഷ്യൽ പ്രഖ്യാപനത്തിന് തുല്യമായ യാതൊരു നിരീക്ഷണവും നടത്തുവാൻ പാടില്ല.

vi. 1995-ലെ ഉമീദ് ആക്ട് സെക്ഷൻ 7 പ്രകാരം പ്രസ്തുത വിഷയം നിലവിൽ വഖഫ് ട്രിബ്യൂണലിന്റെ പരിഗണനയിലുള്ളതാകയാൽ എസ്എൽപി (സി) നമ്പർ 34752/2025-ന്മേലുള്ള ബഹു.സുപ്രീംകോടതിയുടെ 12.12.2025 തീയതിയിലെ ഇടക്കാല ഉത്തരവിനും നിലവിലെ നിയമവ്യവസ്ഥകൾക്കും വിധേയമായി മുനമ്പം പ്രശ്നത്തിൽ ശാശ്വത പരിഹാരം കണ്ടെത്തുന്നതിനായി കമ്മീഷൻ സമർപ്പിച്ച ഒത്തുതീർപ്പ് നിർദ്ദേശങ്ങൾ ആഴത്തിൽ പരിശോധിച്ച് അവ പ്രായോഗികമാക്കുന്നതിനുള്ള രീതി (Modus Operandi) നിർദ്ദേശിക്കേണ്ടതാണ്. അത്തരത്തിലുള്ള നിർദ്ദേശങ്ങൾ പ്രധാനമായും തർക്കത്തിൽ ഉൾപ്പെട്ട കക്ഷികൾക്ക് ആശ്വാസം നൽകുന്ന തരത്തിലുള്ള നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുവാൻ ഉതകുന്നതായിരിക്കണം. അതായത് പുനരധിവാസം, നഷ്ടപരിഹാരം അല്ലെങ്കിൽ നിയമപരമായ മറ്റ് ഇടപെടലുകൾ തുടങ്ങിയ ഭരണപരമായ പരിഹാരങ്ങൾക്ക് മുൻതൂക്കം നൽകി വേണം ശുപാർശകൾ സമർപ്പിയ്ക്കേണ്ടത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ എ ജയതിലക് ഐ എ എസ്
ചീഫ് സെക്രട്ടറി

ബന്ധപ്പെട്ട കമ്മിറ്റി അംഗങ്ങൾക്ക്
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba V R
Date: 16-02-2026 16:24:48
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.മുഖ്യമന്ത്രിയുടെ പി.എസ്-ന്
ബഹു.വഖഫ് വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
ചീഫ് സെക്രട്ടറിയുടെ ഒ.എസ്.ഡി-യ്ക്ക്
അഡീഷണൽ ചീഫ് സെക്രട്ടറി (വഖഫ്)ന്റെ പി.എ-യ്ക്ക്
സെക്രട്ടറി (റവന്യൂ)-ന്റെ പി.എ-യ്ക്ക്